ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

# നിപ വൈറസ്

## രോഗം പകരാതിരിക്കാൻ വേണ്ടി എടുക്കേണ്ട മുൻകരുതലുകൾ

- എൻ 95 മാസ്ക് ശരിയായി ധരിക്കുക
- ശാരീരിക അകലം പാലിക്കുക
- ഇടയ്ക്കിടയ്ക്ക് കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് 20 സെക്കന്റെടുത്ത് നന്നായി കഴുകുക. ഇത് ലഭ്യമല്ലെങ്കിൽ ആൽക്കഹോൾ അടങ്ങിയ സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ വൃത്തിയാക്കുക.
- നിലത്ത് വീണ് കിടക്കുന്നതും, പക്ഷിമൃഗാദികൾ കടിച്ചതുമായ പഴങ്ങൾ ഉപയോഗിക്കരുത്.
- വവ്വാലുകൾ കാണപ്പെടുന്ന പ്രദേശങ്ങളിൽ തെങ്ങ്, പന എന്നിവയിൽ നിന്നും ലഭിക്കുന്ന തുറന്ന പാത്രങ്ങളിൽ ശേഖരിക്കുന്ന കള്ള് ഉപയോഗിക്കരുത്.
- പഴങ്ങളും പച്ചക്കറികളും ഉപയോഗത്തിന് മുമ്പേ നന്നായി കഴുകുക
- രോഗലക്ഷണങ്ങൾ കണ്ടാൽ ആരോഗ്യ പ്രവർത്തകരുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കുക



ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

# നിപ വൈറസ്

## രോഗ ലക്ഷണങ്ങൾ

- പനിയോട് കൂടിയുള്ള ശരീരവേദന, തലവേദന, ക്ഷീണം, ചുമ, തൊണ്ട വേദന എന്നിവയാണ് പ്രാരംഭ രോഗ ലക്ഷണങ്ങൾ

- രോഗം മൂർച്ഛിക്കുന്നതനുസരിച്ച് ഛർദ്ദി, സ്ഥലകാല ബോധമില്ലായ്മ, മാനസിക വിഭ്രാന്തി, അപസ്മാരം, ബോധക്ഷയം, ശ്വാസതടസ്സം എന്നിവയുണ്ടാകാം. യഥാ സമയം കണ്ടെത്തി ചികിത്സിച്ചില്ലെങ്കിൽ മരണം വരെ സംഭവിക്കാം.



ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

# എന്താണ് നിപ വൈറസ്

- നിപ വൈറസ് ബാധയുള്ള വവ്വാലുകളിൽ നിന്നും പന്നികളിൽ നിന്നും മറ്റും മനുഷ്യരിലേക്ക് പകരുന്നു

- രോഗബാധിതനായ ആളിനോട് അടുത്തിടപഴകുകയോ ശരീരസ്രവങ്ങളുമായി സമ്പർക്കമുണ്ടാകുകയോ വഴി മനുഷ്യരിൽ നിന്നും മനുഷ്യരിലേക്ക് രോഗം പകരുന്നു

- വൈറസ് ബാധയുള്ള വവ്വാലുകളുടെ കാഷ്ഠം, ഉമിനീർ, മൂത്രം എന്നിവ കലർന്ന പാനീയങ്ങളും ഇവ കടിച്ച പഴങ്ങളും മറ്റും കഴിക്കുന്നതിലൂടെ രോഗം പകരുന്നു.

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

# നിപ വൈറസ്

## രോഗ സ്ഥിരീകരണം

- തൊണ്ടയിൽ നിന്നും മൂക്കിൽ നിന്നുമുള്ള സ്രവം
- രക്തം
- മൂത്രം
- തലച്ചോറിലെ സ്രവമായ സെറിബ്രോ സ്പൈനൽ ഫ്ളൂയിഡ്

എന്നിവയിൽ നിന്നുമെടുക്കുന്ന സാമ്പിളുകൾ അംഗീകൃത ലാബുകളിൽ ആർ.ടി.പി.സി.ആർ. പരിശോധന നടത്തിയാണ് രോഗം സ്ഥിരീകരിക്കുന്നത്.